# വട്ടക്കളത്തിൽ മത്തായി അച്ചൻ

(ഫാ. മാത്യു ചെറുശ്ശേരിൽ)

വിദ്യാഭ്യാസം പാടെ ഇന്നു് അധ:പതിച്ചിരിക്കുന്നുവെന്നു് ആരും സമ്മതിക്കും. പഠിക്കേണ്ട കുട്ടികൾക്കു് പഠിക്കാൻ മനസ്സില്ല. പഠിപ്പിക്കേണ്ട അദ്ധ്യാപകരിൽ ബഹുഭൂരിഭാഗവും അവകാശങ്ങളിൽ വ്യാപൃതരായിരിക്കുന്നു. പഠിതാക്കൾക്കു സമരം, പഠിപ്പിക്കുന്നവർക്കു സമരം. ഈ സ്ഥിതിവിശേഷം എത്രനാൾ തുടരും! ആർക്കും നിശ്ചയമില്ല.

വിദ്യാഭ്യാസത്തോടുള്ള സമീപനം മുൻപും ഇങ്ങനെതന്നെയായിരുന്നില്ലേ എന്നു ഇന്നത്തെ വിദ്യാർത്ഥി ചോദിച്ചാൽ ഒരിക്കലും അങ്ങനെയിരുന്നില്ല. മറിച്ചു പഠിക്കാൻവേണ്ടി ഏതു ത്യാഗത്തിനും വിദ്യാർത്ഥി തയ്യാറായിരുന്നു എന്നു പറഞ്ഞാൽ അല്പം ആശ്ചര്യത്തോടെയല്ലേ അതു കേൾക്കുക! വീട്ടിൽ ദീർഘനേരം കത്തിക്കുന്നതിനു വിളക്കോ വഴിയിൽ കുഴൽവിളികളോ ഇല്ലാതിരുന്ന കാലത്തു റോഡരികിലെ വഴിവിളക്കിൽ ഒരു ഗോവിണി ചാരി അതിൽ കയറിനിന്നു അർദ്ധരാത്രിയും കഴിഞ്ഞു പഠിച്ചുകൊണ്ടിരുന്ന കേരളത്തിലെ ഒരു വിദ്യാർത്ഥി പിൽക്കാലത്തു വിദ്യാഭ്യാസഡയറക്ടറായി സേവനം ചെയ്തെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.

കൊച്ചിയിൽനിന്നും കേവലം 10 മണിക്കൂർ കൊണ്ടു റോമിൽ ചെല്ലാവുന്ന ഇന്നത്തെ ജററുയുഗത്തിൽ മൂന്നുമാസം തുടർച്ചയായി കപ്പലിലിരുന്നു ആഫ്രിക്കാ ചുററി റോമിൽ ചെല്ലേണ്ട പഠനപര്യടനമാണു കുമരകം സ്വദേശി വട്ടക്കളത്തിൽ മത്തായി ശെമ്മാശനും കൂട്ടുകാരൻ മാക്കീൽ യൗസേപ്പ ശെമ്മാശനും 1888-ൽനടത്തിയതു്. വി. പൗലോസിന്റെ ലേഖനങ്ങളും നടപടി പുസ്തകവും വായിച്ചു പഠിച്ചിട്ടുള്ള ശെമ്മാശന്മാർ കപ്പൽ യാത്രയുടെ അപകടസാദ്ധ്യതകളെപ്പററി തീർത്തും ബോധവാന്മാരായിരുന്നു. പോരെങ്കിൽ അവർക്കു മുമ്പേ റോമിലേക്കു പോയിരുന്ന മലയിൽ യാക്കോബു് ശെമ്മാശൻ അവിടെവച്ചു മരണമടഞ്ഞ കാര്യവും അവർ അറിഞ്ഞിരുന്നു. ഉപരിപഠനത്തിനു ലഭിച്ച ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തുക എന്നുള്ളതുമാത്രമായിരുന്നു അവരുടെ ലക്ഷ്യം. വരാപ്പുഴ സെമിനാരിയിലെ പഠനത്തിനു പുറമേ റോമിലെ പ്രൊപ്പഗാന്താ കോളജിൽ അവർ ഒൻപതുവർഷം പഠനം നടത്തി. ഇപ്പോഴത്തെ പിഎച്ച്. ഡി. ബിരുദവും മററും അന്നില്ലായിരുന്നു; അന്നുണ്ടായിരുന്ന ബി. ഡി. ബിരുദം അവർ കരസ്ഥമാക്കി.

സൂയസ് തോടു് തുറന്നതുമൂലം ഒരു മാസംകൊണ്ടു് അവർ സ്വദേശത്തു തിരിച്ചെത്തി. വട്ടക്കളത്തിൽ മത്തായി അച്ചൻ ചങ്ങനാശേരി അരമനയിൽ മാക്കീൽ മെത്രാന്റെ പ്രൈവററുസെക്രട്ടറിയായി നിയമിതനായി. മാക്കീൽ മെത്രാനച്ചനോ അന്നു് ചങ്ങനാശേരിയിൽ ശനിദശയായിരുന്നു. ആ കാലസന്ധിയിലാണു വട്ടക്കളത്തിലച്ചന്റെ യഥാർത്ഥ വൈഭവം വികസിച്ചതു്. ഏതെതു കോളിളക്കങ്ങളുണ്ടാകട്ടെ, പ്രക്ഷോഭണങ്ങൾ നടക്കട്ടെ അവയോടു മല്ലുവെട്ടുകയും പ്രത്യുതസ്നേഹത്തിലും ക്ഷമയിലും ഒഴിഞ്ഞുമാററത്തിലുംകൂടെ തന്ത്രപൂർവ്വം മുന്നോട്ടുപോകാനല്ലാതെ സാഹചര്യം അനുവദിക്കുന്നില്ല എന്നു് ശരിക്കു മനസ്സിലാക്കി നീണ്ട പത്തു വർഷങ്ങൾ മാക്കീൽ മെത്രാനച്ചനോടും സെക്രട്ടറി ചൂളപ്പറമ്പിൽ ചാണ്ടിയച്ചനോടും ഒന്നിച്ചു് അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. അസാമാന്യനായ ഒരു തന്ത്രജ്ഞനും മിതഭാഷിയും എന്നു് അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നു. രണ്ടു രൂപതകൾക്കു് ഒരു മേലദ്ധ്യക്ഷൻ എന്ന ഏർപ്പാടു് വരാപ്പുഴയും എറണാകുളത്തും ഏറെക്കുറെ വിജയിച്ചുകൊണ്ടാണിരുന്നതെങ്കിലും അതു ചങ്ങനാശേരിയിൽ നടപ്പില്ല എന്നു് അദ്ദേഹം മനസ്സിലാക്കി. അതുതന്നെ തരം, കോട്ടയം രൂപതയ്ക്കു സ്വന്തമായി ഒരു മെത്രാനെ ലഭിക്കാനുള്ള സുവർണ്ണാവസരം ഇതുതന്നെ, ഇതിനുള്ള കരുക്കൾ വാർത്തെടുക്കുന്നതിലായിരുന്നു അദ്ദേഹം ദത്തശ്രദ്ധനായിരുന്നതു്. ആദ്യത്തെ മൂന്നു സുറിയാനി മെത്രാന്മാർ കൂടി പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേക്കു സമർപ്പിച്ച പെററീഷൻ തയ്യാറാക്കുന്നതിന്റെ പുറകിൽ വട്ടക്കളത്തിലച്ചൻ പ്രവർത്തനനിരതനായിരുന്നു. പ്രസ്തുത അപേക്ഷ റോമിലേക്കു് അയച്ചതുകൊണ്ടു പ്രയോജനമൊന്നുമുണ്ടാകാൻ പോകുന്നില്ല അതുകൊണ്ടു നേരിട്ടുപോയി സമർപ്പിക്കയാണു വേണ്ടതു് എന്നു കണ്ടുകൊണ്ടു അതിനുള്ള നീക്കങ്ങളാരംഭിച്ചു. എന്തിനു് 1911-ൽ മാക്കീൽമെത്രാനച്ചനോടൊരുമിച്ചു റോമിലേക്കു യാത്രതിരിച്ചതു വട്ടക്കളത്തിലച്ചനും ചൂളപ്പറമ്പിൽ ചാണ്ടിയച്ചനുമായിരുന്നു. മെത്രാന്മാർ ഒപ്പിട്ടിട്ടുള്ള അപേക്ഷയിൽ പ്രശ്നപരിഹാരാർത്ഥം മൂന്നു നിർദ്ദേശങ്ങൾ ഉന്നയിച്ചി

---

ടത്തിന്റെ എതിരേൽപോടുകൂടി പള്ളിവാതുക്കൽ വന്നു് സങ്കടത്തോടുകൂടി, മരിച്ചുപോയ യൗസേപ്പച്ചനെ കണ്ടു് സിംഹാസനത്തിൽ മുട്ടുകുത്തി അപേക്ഷിച്ചു.

5. ശവസംസ്കാരത്തിനു പിറേറദിവസം

പെ. പെ. ബ. മെത്രാനച്ചൻ മാന്നാനത്തിൽ നിന്നുവന്നു് കറുത്ത ഉടുപ്പിട്ടു പൂജയണച്ചു് കാപ്പി കഴിഞ്ഞു വള്ളത്തിൽ മാന്നാനത്തു പോകുംവഴി, മരിച്ച യൗസേപ്പച്ചന്റെ കുടുംബത്തിൽകയറി ടിയാരുടെ തള്ള മുതലായ കുടുംബക്കാരെ എല്ലാവരേയും മുൻപാകെ വരുത്തി മരണത്തിനുതക്ക ഗുണദോഷങ്ങളും വിശേഷാൽ തള്ളയോടു കല്പിച്ചതായതു് ''മകൻ മോക്ഷത്തിൽപോയി തള്ളയ്ക്കു ഇടപിടിക്കുന്നതിനാണെന്നും'' മററു ഗുണദോഷങ്ങൾ കല്പിച്ചു് മാന്നാനത്തിലേയ്ക്കു് പെ. ബ. കോട്ടയം മെത്രാനച്ചനും ബ. ളൂയീസച്ചനും പിന്തിരിയുകയും ചെയ്തു.

ട്ടുണ്ടായിരുന്നുവെങ്കിലും മാക്കീൽ മത്തായി മെത്രാനെ കോട്ടയത്തു് ഒരു രൂപത സ്ഥാപിച്ച് അദ്ദേഹം ഉൾക്കൊള്ളുന്ന സമുദായത്തിന്റെ മെത്രാനായി സ്ഥലം മാററുകയും ചങ്ങനാശേരിക്കു സ്വന്തം മെത്രാനെ അനുവദിച്ചു കൊടുക്കുകയും ചെയ്യുക എന്നുള്ള കാര്യം സാധിച്ചുകിട്ടുന്നതിനുള്ളതായിരുന്നല്ലൊ മൂവരുടെയും പ്രാർത്ഥനയും പരിശ്രമവും. കാര്യത്തിലേക്കു അടുത്തപ്പോഴാണ് അതിന്റെ "പുളി" മനസ്സിലായതു്. ഒരു സമുദായത്തിനു മാത്രമായി ഒരു മെത്രാനെ എങ്ങനെ നൽകും? അതു് ഒന്നാമത്തെ പ്രശ്നം. "സ്വസമുദായത്തിൽപ്പെട്ട ആളുകൾക്കു മാക്കീൽ മെത്രാനെ വേണ്ട" അങ്ങനെ അപേക്ഷിച്ചുകൊണ്ടു ശുദ്ധമായ ലത്തീനിൽ എഴുതിയിട്ടുള്ള ഒട്ടേറെ പെററീഷനുകളും കമ്പികളും റോമ്മിൽ എത്തിയിട്ടുണ്ടെന്നുള്ള കാര്യമുണ്ടോ ഇവരറിയുന്നു. പെററീഷനുകളും കമ്പികളും കയ്യിൽ അടുക്കിപ്പിടിച്ചുകൊണ്ടു സഗൗരവം നിന്ന കർദ്ദിനാൾ അയൂത്തിയാണ് ഈ കാര്യം മാക്കീൽ മെത്രാനച്ചനോടും കൂട്ടുവൈദികരോടും അവരുടെ അപേക്ഷ സ്വീകരിച്ചപ്പോൾ പ്രസ്താവിച്ചതു്. ദൗത്യവാഹകന്മാർ മൂന്നു പേരേയും ഈ വാർത്ത സ്തബ്ധരാക്കിയെങ്കിൽ അതിലെന്താണ് അത്ഭുതപ്പെടുവാനുള്ളതു്? സ്വസമുദായത്തിൽപ്പെട്ടവർ "മാക്കീൽ മെത്രാനെ ഞങ്ങൾക്കു വേണ്ട" എന്നുപെററീഷനുകളോ കമ്പികളോ അടിക്കുകയില്ല. അതു കള്ളപ്പെററീഷനുകളും കമ്പികളുമാണ് എന്ന് അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ അവർ പാടു കുറേ പെടേണ്ടിവന്നു. ഒടുവിൽ അദ്ദേഹത്തിനു യാഥാർത്ഥ്യം ബോധ്യമായി. അതോടെ കാർഡിനൽ അയൂത്തിയുടെ നിലപാടു നേരേ മറിഞ്ഞുവീണു. അദ്ദേഹം അവരുടെ സഹായിയും സംരക്ഷകനുമായി. മൂന്നു മാസക്കാലത്തെ സഹായംകൊണ്ടു പ്രതിബന്ധങ്ങൾ ഓരോന്നോരോന്നായി തരണംചെയ്തു് അവർ പോയ കാര്യങ്ങളെല്ലാം സാധിച്ചുകൊണ്ടു കോട്ടയത്തു മടങ്ങിയെത്തി. കോട്ടയം മെത്രാസന അരമനയിലെ സന്ദർശന മുറിയിൽ സൂക്ഷിച്ചിരിക്കുന്ന പത്താം പീയൂസ് മാർപ്പാപ്പായുടെ പട്ടംമൂടിത്തൊപ്പിയും കർദ്ദിനാൾ അയൂത്തിയുടെ ഫോട്ടോയും അതിന്റെ അടിയിൽ അദ്ദേഹം എഴുതിയിട്ടുള്ള വാക്യവും മാക്കീൽ മെത്രാനച്ചന്റെയും വട്ടക്കളത്തിലച്ചന്റെയും ചൂളപ്പറമ്പിൽ ചാണ്ടിയച്ചന്റെയും കൂടിയുള്ള ഫോട്ടോയും വളരെയേറെ ചരിത്രസംഭവങ്ങൾ ഉൾക്കൊള്ളുന്ന കഥകളാണു പറയുന്നതു്. രൂപതാസ്ഥാപനത്തിന്റെ സൂത്രധാരന്മാരിൽ ഒരാൾ വട്ടക്കളത്തിൽ മത്തായി അച്ചനാണ്. ഏകറീത്തു പ്രസ്ഥാനവാദികൾ നമ്മുടെ നാട്ടിലെ ജനങ്ങളുടെ മന:സ്ഥിതി ശരിക്കു അപഗ്രഥനം ചെയ്തിട്ടാണൊ ആദർശപരമായി അതെപ്പററി പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. നമ്മുടെ നാടിന്റെ ഹൃദയം അത്രയ്ക്കു വിശാലമായിട്ടില്ല.

മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പാട്ടുകൾ എന്നൊരു പുസ്തകം 1910-ൽ പി. യു. ലൂക്കോസിന്റെ പ്രസാധകത്വത്തിൽ പുറത്തുവന്നു. അതിന്റെ നാലാം പതിപ്പ് 1966-ൽ അടിച്ചിട്ടുണ്ട്. അതിൽ വട്ടക്കളത്തിൽ മത്തായി അച്ചന്റെ ജീവചരിത്രസംക്ഷേപം ചേർത്തിട്ടുണ്ടു്. വട്ടക്കളത്തിലച്ചൻ ഈ പാട്ടുപുസ്തകം ആദ്യപതിപ്പിന്റെ അച്ചടിക്കു പരിശ്രമിക്കുകയും ചെയ്തു" എന്ന് ഹ്രസ്വമായ ഒരു വാക്യം കൂടെയുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അദ്ദേഹം ചെയ്തിട്ടുള്ളതെന്താണ്? കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം പരമ്പരാഗതമായി സൂക്ഷിച്ചുപോന്നതു പാട്ടുകൾ മുഖേനയായിരുന്നുവെന്നുള്ളതു് എല്ലാവർക്കും അറിവുള്ള കാര്യമാണ്.

എന്നാൽ ഈ പാട്ടുകൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട ആവശ്യത്തെപ്പററി ചിന്തിച്ചതു വട്ടക്കളത്തിൽ മത്തായി അച്ചനാണ്. പഴയ കുടുംബങ്ങളിലെ താളിയോല ഗ്രന്ഥങ്ങളിൽ അവ കിടപ്പുണ്ടു്. അവയെല്ലാം ശേഖരിച്ചെടുക്കണം. ദൂതന്മാരെ അയച്ചാൽ ഗ്രന്ഥങ്ങൾ കൊടുത്തുവിടുകയില്ല. തനിയെ അതിനു പോകണം. അപരിചിതങ്ങളായ ഭവനങ്ങളിൽനിന്നു പകർത്തിയെടുക്കുന്നതിനു മാത്രമേ അനുവാദമുള്ളു. അതു തെററു കൂടാതെ പകർത്തിയെടുക്കണം. പാട്ടുകൾ മന:പാഠമാക്കിയിട്ടുള്ളവരെ പോയിക്കാണണം. അല്ലെങ്കിൽ അവരെ വിളിച്ചുവരുത്തണം. അവർ പാടുമ്പോൾ അതു എഴുതിയെടുക്കണം. ഇങ്ങനെ വളരെ നാളത്തെ പരിശ്രമഫലമായി കിട്ടാവുന്നിടത്തോളം പാട്ടുകൾ അദ്ദേഹം ശേഖരിച്ചെടുത്തു. നകൽ പ്രതികൾ ശരിയോ തെറേറാ എന്നു പരിശോധിക്കുന്നതിനു തക്ക ഒരാളെ കിട്ടണം. എടയ്ക്കാട്ടുപള്ളി ഇടവക തകടിയേൽ മാത്തൻ ആശാൻ കവിയാണ്. സംസ്കൃതത്തിലും തമിഴിലും നല്ല പിടിയുണ്ട്. ആശാൻ അച്ചന്റെ സ്നേഹിതനുമാണ്. ഒരു കുഴപ്പം മാത്രം, ആശാനു വല്ലപ്പോഴാണ് "ഭൂതോദയ"മുണ്ടാകയുള്ളു. അപ്പോഴെ സാഹിത്യകാര്യങ്ങളിൽ ശ്രദ്ധിക്കുകയുള്ളു. പുസ്തകം മനോരമ പ്രസ്സിൽനിന്നുവേണം അടിച്ചുകിട്ടാൻ. തകിടിയേൽ ആശാൻ നോക്കിക്കൊടുക്കുന്നതും കൊണ്ടു് അച്ചൻ മനോരമ ആഫീസിലേക്കു പോകും. പിന്നെയും ആശാന്റെ "നല്ലനേരം" നോക്കിക്കാത്തിരിക്കും. അങ്ങനെ വളരെ ക്ഷമയും നിശ്ചയ ദാർഢ്യവും കൊണ്ടാണു് പുരാതനപ്പാട്ടുകൾ അച്ചടിച്ചെടുത്തതു്. എന്നാൽ അതിൽ അദ്ദേഹത്തിന്റെ പേരുവയ്ക്കുന്നതിനോ ആമുഖം എഴുതുന്നതിനോ മത്തായി അച്ചൻ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തെ ഈ കാര്യത്തിൽ സഹായിച്ചുകൊണ്ടിരുന്ന പി. യു. ലൂക്കോസിന്റെ പേരാണ്, പ്രസാധക സ്ഥാനത്തു ചേർത്തതു്. "ഇംഗ്ലണ്ടിൽ പഴയഗാനങ്ങളും നാടോടിക്കവിതകളും ശേഖരിച്ചു പ്രസിദ്ധീകരിച്ചതു ബിഷപ്പ് പെർസിയാണ്. തൻമൂലം ഇംഗ്ലീഷ് സാഹിത്യത്തിനു വലിയ നേട്ടമുണ്ടായിട്ടുണ്ട്. അതുപോലെയുള്ള ഒരു ജോലിയാണ് ഈ പുസ്തകപ്രസിദ്ധീകരണത്തിനായി പ്രഥമമായി ഉദ്യമിക്കുകയും അതിനുവേണ്ട എല്ലാവിധ സഹായസഹകരണങ്ങൾ ചെയ്യുകയും പരിശോധനകൾ നടത്തുകയും ചെയ്തിട്ടുള്ള, ചരിത്ര പണ്ഡിതനും സമുദായസ്നേഹിയുമായ പരേതനായ ഫാദർ മാത്യു വട്ടക്കളം അവർകൾ ചെയ്തിട്ടുള്ളതു്. അദ്ദേഹത്തെപ്പററിയുള്ള സ്മരണ സമുദായത്തിൽ എന്നും നിലനിൽക്കുന്നതാണ്. (പുരാതന പാട്ടുകളിൽ അറിഞ്ഞിരിക്കേണ്ട ചില വിവരങ്ങളിൽ നിന്നുള്ള ഉദ്ധരണിയാണു മേൽക്കൊടുത്തിട്ടുള്ളതു്. പ്രസാധകൻ പി. യു. ലൂക്കോസിൽ നിന്നും നേരിട്ടു കേട്ടിട്ടുള്ളവയുമാണ് ഈ യാഥാർത്ഥ്യങ്ങൾ).

1917 ആഗസ്റ്റ് 24-ാംനു ഹൃദയസ്തംഭനം മൂലം മത്തായി അച്ചൻ കോട്ടയം അരമനയിൽവച്ചു നിര്യാത

# റവ ഫാ. കുര്യാക്കോസ്, ചാഴികാട്ട്

(J. C.)

ആയിരത്തി എണ്ണൂററി എഴപത്തു ജൂലൈ പന്ത്രണ്ട് ഉഴവൂർ ഇടവകയെ സംബന്ധിച്ചിടത്തോളം ശോകമൂകമായൊരു ദിവസമായിരുന്നു. അന്നാണ് ഇടവകവൈദികനും ഒപ്പം മിഷനറിയുമായിരുന്ന ഫാദർ കുര്യാക്കോസ് ചാഴികാട്ട് ലോകത്തോടും തനിക്കു പ്രിയപ്പെട്ടവരോടും അന്ത്യയാത്ര പറഞ്ഞു നിത്യസമ്മാനത്തിനായി വിടവാങ്ങിയത്.

ഫാദർ കുര്യാക്കോസിനെ കണ്ടിട്ടുള്ളവരാരും ഇന്നു ജീവിച്ചിരിപ്പില്ല. അദ്ദേഹത്തിന്റെ ശവമഞ്ചം ശ്മശാനത്തിലേക്കു വഹിക്കുകയും അതിനെ അനുഗമിക്കുകയും തങ്ങളുടെ സ്നേഹപിതാവിന്റെ വേർപാടിൽ കണ്ണീരൊഴുക്കുകയും ചെയ്ത വീട്ടുകാരും ഇടവകക്കാരും നാട്ടുകാരുമായ എല്ലാവരും ലോകത്തോട് അന്ത്യയാത്ര പറഞ്ഞുകഴിഞ്ഞു. എങ്കിലും ജനഹൃദയങ്ങളിൽ അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ മാഞ്ഞുപോയിട്ടില്ല. അത്ര മാത്രം സ്മരണാർഹനായ വ്യക്തിയാണ് അദ്ദേഹം.

തങ്ങളുടെ ഈ ബ. പിതാവിനെക്കുറിച്ചു ഉഴവൂർ ഇടവകക്കാർ "പള്ളിയപ്പൂപ്പൻ" എന്നാണു പറഞ്ഞുവന്നിരുന്നത്. പള്ളിയപ്പൂപ്പനു വേണ്ടി അർപ്പിക്കപ്പെടുന്ന ദിവ്യബലികളിൽ സംബന്ധിക്കുന്നതിൽ ഇടവകക്കാർ പ്രത്യേക താല്പര്യം പ്രദർശിപ്പിച്ചിരുന്നതിനാൽ, നിർദ്ദിഷ്ടദിവസങ്ങളുടെ തലേ ഞായറാഴ്ച, വിവരം പള്ളിയിൽ പരസ്യപ്പെടുത്തുന്ന പതിവ് അദ്ദേഹത്തിന്റെ മരണാനന്തരം വളരെ വർഷങ്ങളിലേക്കുണ്ടായിരുന്നു. അദ്ദേഹം ഉഴവൂർ പള്ളിയെ ഭരമേല്പിച്ചിരുന്ന ഉഭയക്കുർബാനകളുടെ ചുമതല, പിൽക്കാലത്തു് അരീക്കരപ്പള്ളിയുണ്ടായപ്പോൾ ഭാഗികമായി ആ പള്ളിയെ ഏല്പിക്കുകയുണ്ടായി. ഇന്നും കുര്യാക്കോസച്ചനുവേണ്ടി ആണ്ടുവട്ടത്തിൽ നിർദ്ദിഷ്ട മാസങ്ങളിൽ, നിർദ്ദിഷ്ടദിവസങ്ങളിൽ രണ്ടു പള്ളികളിലും ഉഭയക്കുർബാനകൾ നടത്തിവരുന്നുണ്ട്. അദ്ദേഹം പള്ളിക്കു നൽകിയ വസ്തുവിലാണു് അരീക്കര സെന്റു് ജോസഫ്സ് കോൺവന്റ് പണിതുയർത്തിയിട്ടുള്ളത്.

കുര്യാക്കോസച്ചന്റെ മരണദിവസം ആണ്ടുതോറും അനുസ്മരിക്കുന്നതിനു വീട്ടിൽ ശ്രാദ്ധവും പള്ളിയിൽ റാസയും മുടക്കംകൂടാതെ നടത്തുന്നതിനു വീട്ടുകാർ ശ്രദ്ധിക്കുന്നുണ്ടു്. ഇവ രണ്ടിലും സംബന്ധിക്കുക തങ്ങളുടെ അവകാശവും ധർമ്മവുമായി വീട്ടുകാർ കരുതിപ്പോരുന്നു.

ഇങ്ങനെ ഇടവകക്കാരും വീട്ടുകാരും ആദരിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന ഇദ്ദേഹത്തെക്കുറിച്ചു അധികമൊന്നും നമുക്കു് അറിഞ്ഞുകൂടാ, ഈ സ്മരണയോടൊത്തു വട്ടമിട്ടു നിൽക്കുന്ന പാരമ്പര്യവും, "ചാഴികാട്ടുകാരുടെ കുടുംബചരിത്ര സംക്ഷേപവും" 1838-നും 42-നും ഇടയ്ക്കു് എഴുതപ്പെട്ട വിദേശിയരും ഈശോസഭക്കാരുമായ രണ്ടു മിഷനറിമാരുടെ എഴുത്തുകളുമാണ് അദ്ദേഹത്തെക്കുറിച്ചു നമ്മോടെന്തെങ്കിലും പറയുക.

പത്തൊൻപതാം നൂററാണ്ടിന്റെ പിറവിയോടടുത്തുതന്നെ ചാഴികാട്ടു കുരുവിള കുരുവിളയുടെ രണ്ടാമത്തെ പുത്രനായി കുര്യാക്കോസ് ജാതനായി. ഇദ്ദേഹത്തിന്റെ മൂത്ത സഹോദരന്റെ പേർ കുരുവിള എന്നായിരുന്നു. രണ്ടു സഹോദരികളും കുര്യാക്കോസിനുണ്ടായിരുന്നു. ഫാദർ കുര്യാക്കോസിന്റെ ബാല്യകാലത്തെക്കുറിച്ചോ വിദ്യാഭ്യാസത്തെക്കുറിച്ചോ ഒന്നുംതന്നെ നമുക്കറിഞ്ഞുകൂടാ.

സ്വന്ത രൂപതയിൽ ജോലി നോക്കിയിരുന്ന ഇദ്ദേഹം, ഈശോസഭാ നിരോധനത്തെ തുടർന്നുണ്ടായ മിഷനറിമാരുടെ കുറവു പരിഹരിക്കുവാൻ ഒരു മിഷനറിയായി തമിഴനാട്ടിലേക്കു പോയി. അക്കാലത്തു തമിഴനാട്ടിലേക്കു "സുറിയാനിക്കാരായ കത്തനാരന്മാരെ" അയച്ചിരുന്നതായി ധാരാളം രേഖകളുണ്ട്. ഒരു കാലഘട്ടത്തെ സേവനത്തിനുശേഷം അവർ തിരികെ വിളി

---

നായി. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരങ്ങളും എഴുത്തുകളും രണ്ടു മൂന്നു വലിയ പെട്ടികളിലാക്കി അവിടെ സൂക്ഷിച്ചിരുന്നു. അവയിൽ ആവശ്യപ്പെട്ടവ മാത്രം എടുത്തു സൂക്ഷിക്കുന്നതിനും ബാക്കി നശിപ്പിച്ചു കളയുന്നതിനും ഈ ലേഖകനെ ചൂളപ്പറമ്പിൽ തിരുമേനി ചുമതലപ്പെടുത്തി. വട്ടക്കളത്തിൽ മത്തായി അച്ചൻ ആരെന്നു മനസ്സിലാക്കുന്നതിനു ആ ജോലി വളരെ അധികം ഉപകരിച്ചു. അതിൽ കണ്ടവയെപ്പററി വിസ്താരഭയത്താൽ ഒന്നും കുറിക്കുന്നില്ല. അദ്ദേഹത്തിൽ നിന്നും ഏതെങ്കിലും ദാനം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതു സ്വീകരിച്ച ആളിന്റെ പേരും വീട്ടുപേരും കൊടുത്ത തുകയും അഥവാ സാധനമെന്തെന്നും ഒരു നോട്ടുബുക്കിൽ അദ്ദേഹം എഴുതിയിട്ടിരുന്നു. വിപുലമായ ആ ലിസ്റ്റ് അദ്ദേഹത്തിന്റെ ദീനദയാലുത്വത്തെ വിളിച്ചറിയിക്കാൻ പോരുന്നതായിരുന്നു.

വി. മത്തായിശ്ലീഹായുടെ നാമത്തിലുള്ള വാകത്താനം കത്തോലിക്ക ദേവാലയം വട്ടക്കളത്തിലച്ചൻ പണികഴിപ്പിച്ചതാണു്. അദ്ദേഹത്തിന്റെ സ്വന്തം നിലത്തിൽ നിന്നും ലഭിച്ച നെല്ല് സ്വഭവനത്തിൽ സൂക്ഷിച്ചാൽ ഒരുപക്ഷേ ചെലവായിപ്പോയെങ്കിലോ എന്നു സംശയിച്ചു ആ നെല്ലു വേറൊരു വീട്ടിൽ സൂക്ഷിച്ച് അതു വിററു കിട്ടിയ പണവും പള്ളിപണിക്ക് അദ്ദേഹം വിനിയോഗിച്ചു. ആർഭാടരഹിതമായി ജീവിക്കാൻ അദ്ദേഹം ആഗ്രഹിച്ചു; അങ്ങനെ മരണമടയുകയും ചെയ്തു. അദ്ദേഹത്തിന്റെ ചരമത്തിന്റെ 50-ാം വാർഷികവും അങ്ങനെ കടന്നുപോയി. പക്ഷേ ആ ധന്യപുരുഷന്റെ സ്മരണ സമുദായത്തിൽ നിലനിൽക്കുകതന്നെ ചെയ്യുന്നു.